പ്രായം എന്നത് വെറും അക്കങ്ങൾ മാത്രമാണ് എന്ന് ശരിക്കും പഠിപ്പിച്ചത് ടാലന്റഡ് ബാങ്കേഴ്സ് സംഗമം 2024 ആയിരുന്നു. ആത്മാർത്ഥമായി പറഞ്ഞാൽ ഇതു പോലെ പ്രോത്സാഹനവും സ്നേഹവുമൊക്കെ ലഭിക്കുമെന്ന് കരുതിയതേ ഇല്ല. ഒരുപാടു സന്തോഷം കൊണ്ട് മനസ്സ് നിറഞ്ഞാണ് കോട്ടയത്തു നിന്ന് വന്നത്. നന്ദി പ്രിയമുള്ളവരേ....
മീറ്റ് കഴിഞ്ഞ ഇടക്ക് ഇങ്ങനെ ഒരു കുറിപ്പ് നമ്മുടെ പേജിൽ കണ്ടപ്പോൾ ഏറെ കൗതുകം തോന്നി. കുറിപ്പിനൊപ്പം കണ്ട ചിത്രത്തിലെ നർത്തകിയുടെയും കൂട്ടരുടെയും പ്രകടനം അപ്പോൾ മനസ്സിൽ ഓടിയെത്തി. കാണികൾ നിറഞ്ഞ കയ്യടിയോടെ സ്വീകരിച്ച പ്രകടനം.. അതിന് നേതൃത്വം നൽകിയ നർത്തകിയാണ് ഈ ദ്വൈവാര ദളം.

രാധിക പ്രശാന്ത്,
കാനറാ ബാങ്ക്,
മുട്ടത്തറ,
തിരുവനന്തപുരം.

ചങ്ങനാശ്ശേരി സ്വദേശിയായ റിട്ടയേർഡ് ബി എസ് എൻ എൽ ഓഫീസ് സൂപ്രണ്ട് പി കെ രാജശേഖരൻ നായരുടെയും ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയിൽ നിന്നും വിജിലൻസ് മാനേജർ ആയി റിട്ടയർ ചെയ്ത രേണുക ദേവിയുടെയും മകളാണ് രാധിക. ഏക സഹോദരൻ രഞ്ജിത്ത് രാജ് കെ എസ് ഇ ബിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ.

അച്ഛനും അമ്മയും ജോലി സംബന്ധമായി തിരുവനന്തപുരത്തായത് കൊണ്ട് രാധികയുടെ വിദ്യാഭ്യാസം മുഴുവൻ അവിടെ ആയിരുന്നു. നാലാം ക്ലാസ്സ് വരെ ആനന്ദ മാർഗ സ്കൂളിൽ.
തുടർന്ന് പത്താം ക്ലാസ്സ് വരെ കോട്ടൺ ഹിൽ ഗവണ്മെന്റ് ഗേൾസ് ഹൈസ്കൂളിലും പ്ലസ് വൺ പ്ലസ് ടു ക്ലാസുകൾ സെയിന്റ് മേരീസ് പബ്ലിക് സ്കൂളിലും. ജന്തുശാസ്ത്രത്തിൽ ബിരുദപഠനം ആൾ സെയ്ന്റ്സ് കോളേജിലും ബിരുദാനന്തരബിരുദം ആലപ്പുഴ എസ് ഡി കോളേജിലും തുടർന്ന് ബി എഡ് ക്രൈസ്റ്റ് നഗർ കോളേജ് ഓഫ് എഡ്യൂക്കേഷനിലും.

അച്ഛനും അമ്മയും തിരക്കുള്ള ജോലിക്കാരായത് കൊണ്ട് കുഞ്ഞ് രാധികയുടെ ചെറിയ ക്ലാസ്സുകളിലെ സായാഹ്നങ്ങളൊക്കെ സ്കൂളിലെ സന്യാസിനിമാർക്കൊപ്പമായിരുന്നു. പതിയെ പതിയെ അവരവളെ അവരുടെ യോഗാക്ലാസുകളിലേക്ക് കൂട്ടി. ആ ക്ലാസ്സുകളിലെ അവളുടെ മെയ് വഴക്കം അവരെ വല്ലാതെ ആകർഷിച്ചു. അവർ അവളെ സ്കൂളിലെ നൃത്താധ്യാപിക ജയലക്ഷ്മി ടീച്ചറെ ഏല്പിച്ചു. അതായിരുന്നു അവളുടെ ആദ്യ നൃത്തപഠനം. തന്നിലെ നർത്തകിയെ മറ്റൊരാൾ കണ്ടെത്തിയ

നിമിഷങ്ങളായിരുന്നു അത്.

പക്ഷേ അത് നാലാം ക്ലാസ്സോടെ അവസാനിച്ചു. പിന്നീട് വർഷാവർഷം അവധിക്കാലത്തെ ബാലഭവൻ ക്ലാസ്സുകളിലേക്കൊതുങ്ങി നൃത്തപഠനം.
ഹൈസ്കൂൾ കാലഘട്ടത്തിൽ നൃത്തത്തിൽ പങ്കെടുത്തില്ലെങ്കിലും മാത്സ് എക്സിബിഷൻ പോലുള്ള പരിപാടികളിൽ തന്റെ പങ്കാളിത്തം ഉണ്ടായിരുന്നു എന്നത് സന്തോഷം നൽകുന്ന ഓർമയാണ് രാധികക്ക്.

ഡിഗ്രി പഠനകാലത്തെ ഒരു സുഖമുള്ള ഓർമ്മ രാധിക മനസ്സിൽ നിന്നും ചികഞ്ഞെടുത്തത് ഏറെ ആഹ്ലാദത്തോടെയാണ്. അന്നത്തെ ഒരു മത്സരത്തിൽ ആറ് സുഹൃത്തുക്കൾ ചേർന്ന് "ചിങ്ങമാസം വന്ന് ചേർന്നാൽ..." എന്ന ഗാനത്തിന് സ്വന്തം നൃത്തഭാഷ്യം ചമച്ച് വേദിയിൽ അവതരിപ്പിച്ചതും അത് കോളേജിലാകെ തരംഗമായതും ഇന്നും മനസ്സിന്റെ തിരശ്ശീലയിൽ തെളിഞ്ഞു നിൽക്കുന്നുണ്ട്.

സ്റ്റേജ് പരിപാടികളിൽ പങ്കെടുക്കുക, നൃത്തത്തിനായി അരങ്ങിൽ സജീവമാകുക ഇതൊക്കെ ബി എഡ് പഠനകാലത്താണ്. തന്റെ ഉള്ളിൽ എന്തൊക്കെ ഉണ്ട് എന്ന് തിരിച്ചറിഞ്ഞ കാലഘട്ടം. അതിന് തൊട്ട് മുൻപ് ആയിരുന്നു തിരുവനന്തപുരം സ്വദേശി പ്രശാന്തുമായുള്ള വിവാഹം. പ്രശാന്തിന്റെ അമ്മ വിജയകുമാരി രാധികയുടെ നൃത്ത പരിപാടികൾക്ക് നിറഞ്ഞ പിന്തുണയുമായി കൂടെ നിന്നു. രാധികയുടെ ഇഷ്ടങ്ങൾക്കൊന്നും ഒരു തടസ്സവും ഉണ്ടാകാതെ നോക്കുക അവർ തന്റെ കടമ പോലെ കരുതി.

ബി എഡ് കാലത്താണ് തന്നിലെ നർത്തകിയും സംഘാടകയും ഒക്കെ രൂപപ്പെട്ടുവന്നത് എന്ന് രാധിക ഓർക്കുന്നു. സഭാകമ്പം മാറി എന്ന് മാത്രമല്ല ഏതാണ്ട് ഇരുപത്തഞ്ചോളം പരിപാടികൾ കോളേജിൽ അവതരിപ്പിക്കാൻ കഴിഞ്ഞു എന്നത് അഭിമാനകരമായ നേട്ടമായിരുന്നു. കോളേജ് യൂണിയൻ സെക്രട്ടറിയാകാൻ പോലും കഴിഞ്ഞത് അക്കാലത്തെ സ്ഥിരോത്സാഹത്തിന് കിട്ടിയ അംഗീകാരം.

ബി എഡ് കഴിഞ്ഞ് തിരുവനന്തപുരം ഹോളി ഏഞ്ചൽസ് സ്കൂളിൽ അധ്യാപികയായി ജോലി കിട്ടി.
അവിടെ നിന്നും നാലാഞ്ചിറ സർവോദയ സ്കൂളിൽ എത്തുമ്പോഴേക്കും ഒരു മികച്ച സ്കൂൾ ടീച്ചർ ആയി രാധിക രൂപാന്തരപ്പെട്ടിരുന്നു. അവിടെ ജോലി ചെയ്ത അഞ്ച് വർഷം കുട്ടികളുടെ പ്രിയപ്പെട്ട കൂട്ടുകാരിയായി, അധ്യാപികയായി,വഴികാട്ടിയായി, കലാമത്സരങ്ങളുടെ കോർഡിനേറ്റർ ആയി തിളങ്ങിയ കാലം.

രണ്ടു കുട്ടികളുടെ കാര്യങ്ങൾ നോക്കുക, ശാരീരികമായ ചില ബുദ്ധിമുട്ടുകളെ തരണം ചെയ്യുക, വീട്ടിലെ ജോലികൾ.. ജോലിയിൽ നിന്നും മാറി നിൽക്കേണ്ടി വന്ന ഘട്ടം. ആ ഘട്ടത്തിലാണ് ബാങ്ക് ടെസ്റ്റിന് തയാറെടുക്കുന്നതും അവിടെ വച്ച് നമ്മുടെ മുൻകാല ദളം വീണ വിപിൻ സുഹൃത്ത് ആകുന്നതും. 2013ൽ ഐ ബി പി എസിലൂടെ രാധിക സിൻഡിക്കേറ്റ് ബാങ്കിൽ എത്തി. അങ്കമാലി ശാഖയിൽ ആയിരുന്നു ആദ്യ നിയമനം. അവിടെ നിന്നും ശ്രീകാര്യം, മെയിൻ ശാഖ, പേട്ട, ഇപ്പോൾ കാനറാ ബാങ്കിന്റെ മുട്ടത്തറ ശാഖയിൽ എത്തി നിൽക്കുന്നു ഔദ്യോഗിക ജീവിതം.

വീണയുടെ ഓർമകളിൽ ബാങ്ക് ടെസ്റ്റ് പഠനകാലത്തെ ചേച്ചി ഇന്നും നിറഞ്ഞുനിൽപ്പുണ്ട്. കോഴിക്കോട് മീറ്റിന് മുൻപ് ഇങ്ങനെ ഒരു വേദി ഉണ്ടെന്നും നിറഞ്ഞ പ്രോത്സാഹനം ലഭിക്കുന്ന ഇടമാണെന്നും മീറ്റിൽ പങ്കെടുക്കണം എന്നൊക്കെ പറഞ്ഞപ്പോൾ ഞാൻ അവിടെ വന്നെന്ത് ചെയ്യാൻ എന്ന് ചോദിച്ച ആൾ കോട്ടയം മീറ്റിൽ സോളോയും ഗ്രൂപ്പും ഒക്കെ അവതരിപ്പിച്ച് നിറഞ്ഞ കയ്യടി വാങ്ങിയപ്പോൾ ഉണ്ടായ അത്ഭുതം വീണക്ക് ഇന്നും മാറിയിട്ടില്ല.

രാധികക്കും കോട്ടയം മീറ്റിനെക്കുറിച്ച് പറയാൻ നൂറ് നാവാണ്. "ആകെ ടെൻഷൻ ആയിരുന്നു.. അറിയാവുന്ന ഒരാൾ വീണ മാത്രം. അച്ഛനും അമ്മയും കൂടെ ഉണ്ടായിരുന്നു. നൃത്തം തുടങ്ങുമ്പോൾ മെഗാ ഷോകളിലെ പോലെ മുന്നിൽ നിറയെ ക്യാമറകൾ, നിറഞ്ഞ കയ്യടികൾ, ഇറങ്ങിവരുമ്പോൾ അഭിനന്ദിക്കാൻ നൂറ് നാവുകൾ, ഗ്രൂപ്പിൽ തന്റെ വിവിധ ഫോട്ടോകൾ... മനസ്സ് നിറഞ്ഞു തുളുമ്പിയ നിമിഷങ്ങൾ.. ഇത് പോലെ പോസിറ്റിവിറ്റി നിറഞ്ഞ ഒരു വേദി മറ്റെങ്ങും ഉണ്ടാവില്ല. രാധിക ഉറപ്പിച്ചു പറയുന്നു.

രണ്ട് വർഷം മുൻപ് ഗുരുവായൂർ കണ്ണന്റെ തിരുമുൻപിൽ ബാങ്കിന്റെ ആഭിമുഖ്യത്തിൽ നടനമാടുമ്പോൾ മനസ്സിൽ ഒരു തേങ്ങൽ ഉടക്കി. ഈ നിമിഷം ഏറെ ആഗ്രഹിച്ച അമ്മ വിജയകുമാരി ഇത് കാണാനില്ലാതെ പോയതിൽ. നൃത്തപഠനം ഇന്നും രാധിക തുടരുന്നു, മക്കൾക്കൊപ്പം. കൊഞ്ചിറവിളയിൽ നൃത്തവിദ്യാലയം നടത്തുന്ന കവിത ടീച്ചർക്കൊപ്പം. ഈ നൃത്തപഠനത്തിന് രാധിക കടപ്പെട്ടിരിക്കുന്നത് തന്റെ അച്ഛനോടും അമ്മയോടും ആണ്. കുട്ടിക്കാലത്ത് ജോലിത്തിരക്കിൽ വേണ്ട പോലെ നല്കാൻ കഴിയാതിരുന്ന പ്രോത്സാഹനം അതിനിരട്ടിയായി നൽകുന്ന അച്ഛനമ്മമാരെ കുറിച്ച് പറഞ്ഞപ്പോൾ രാധികയുടെ വാക്കുകൾ ആർദ്രമായി.

എന്താണ് വലിയ ആഗ്രഹം എന്ന് ചോദിച്ചപ്പോൾ മറ്റൊന്നും ആലോചിക്കേണ്ടി വന്നില്ല രാധികക്ക്, കണ്ണന്റെ മുന്നിൽ ഇടയ്ക്കിടെ

നൃത്തമാടാൻ കഴിയുക. ആ കണ്ണന്റെ അനുഗ്രഹമാകാം ഡിസംബറിൽ കലൂർ നടക്കുന്ന 12000 പേർ പങ്കെടുക്കുന്ന, ഗിന്നസ് ലക്ഷ്യമിടുന്ന ഒരു മെഗാനൃത്ത പരിപാടിയുടെ നോട്ടീസിലെ ചിത്രമാകാൻ തെരഞ്ഞെടുക്കപ്പെട്ട അപൂർവം നർത്തകിമാരിൽ ഒരാളാകാൻ രാധികക്ക് കഴിഞ്ഞത്.

തന്റെ കലാപ്രവർത്തനങ്ങൾക്ക് നിറഞ്ഞ പിന്തുണയുമായി എപ്പോഴും കൂടെയുള്ള, ഒരു ഡ്യൂട്ടി ഫ്രീ നെറ്റ്‌വർക്കിൽ ആന്ധ്രപ്രദേശിലെ കൃഷ്ണപട്ടണത്ത് സീനിയർ മാനേജർ ആയി ജോലി ചെയ്യുന്ന പ്രശാന്ത്, പതിനൊന്നാം ക്ലാസ്സ്കാരി ജിയാപ്രശാന്ത്, നാലാം ക്ലാസ്സ്കാരി ഇധിക പ്രശാന്ത് എന്നിവരടങ്ങുന്ന കുടുംബം തിരുവനന്തപുരം ഈഞ്ചക്കലിലാണ് താമസം. ശ്രീവത്സം എന്ന വീട്ടിൽ നൃത്തത്തിന്റെ അലകൾ ഒടുങ്ങുന്നില്ല, ചിലങ്കകൾ നിശ്ശബ്ദമാകുന്നില്ല, കണ്ണന്റെ കുഴൽ നാദത്തിനു വേണ്ടിയുള്ള രാധികയുടെ കാത്തിരിപ്പ് ഒടുങ്ങുന്നില്ല.
ഒപ്പം അടുത്ത ടി ബി മീറ്റിന് വേണ്ടിയുള്ള തയ്യാറെടുപ്പും.
ഈ നൃത്തസപര്യയിൽ ടീബി കുടുംബത്തിൽ ഓരോരുത്തരും കൂടെയുണ്ടാവും എന്ന ആശംസകളോടെ...

---------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കടപ്പാക്കട ശാഖ

English version: Arya Gayathry, State Bank of India, RBO Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RBO തിരുവല്ല

---------------------------------------------------------------------------------------------

"Age is just a number - I believed this was just a quote till it was proved true at the Talented Bankers Meet 2024. I had never imagined receiving such love and encouragement from the group. I returned home from Kottayam, overwhelmed with joy. Thank you dears..." It was fascinating to see this note a few days after our TB Meet. The dancer's photo that accompanied the write-up brought up the memories of the fabulous performance she did along with her friends during our meet...

A performance that was applauded by a huge crowd of TB Members. Here she is before you, the TB of this week.

Radhika Prasanth
Canara Bank

Muttathara
Thiruvananthapuram.

Her parents, Retd. BSNL Office Superintendent, Sri. P.K.Rajasekharan Nair and Retd. Vigilance Manager of Food Corporation of India, Smt. Renuka Devi are natives of Changanasserry. Her brother Ranjith Raj is an Assistant Engineer in KSEB.

As her parents worked in Thiruvananthapuram, Radhika's education was completed there. She went to the Ananda Marga School till the 4th grade. Then she joined the Cotton Hill Government Girls High School where she did her 10th grade, and then went to St. Mary's Public School for +1 and +2. She did her graduation in Zoology from All Saints College and post graduation from Alappuzha S D College. Then she did B.Ed from the Christ Nagar College of Education. As her parents were busy at work, she spent her evenings with the nuns at school. Gradually, she became part of their yoga classes. There, surprised by her body flexibility, they took her to the school dance teacher, Jayalakshmi. That was her first dance experience... the moment when others saw the dancer in her. But all that ended after her 4th grade with the change of school. Her dance classes dwindled to the annual vacation classes conducted by Balabhavan.

Though she could not participate in any dance events during her high school years, she found joy in being part of school events like the Maths exhibitions.

While pursuing her graduation, Radhika fondly remembers how she composed the dance and swayed to the tune of "Chingamaasam vannu chernnal..." with six of her friends and how the dance got so popular in the college. Still, her active participation in stage shows and dancing before an audience really began during her B.Ed days... the time when she found the real soul of Radhika sleeping within her. It was right before this that she got married to her soulmate, Prasanth, who belongs to Thiruvananthapuram. His mother, Vijayakumari is the strong pillar of support for Radhika's pursuit of dance, who saw it her duty to see that Radhika fulfilled all her wishes... just like Cinderella's fairy Godmother!

B.Ed was a course that transformed her from a stage-fearing introvert to a stage-loving organiser and dancer! Just like a butterfly emerging from a cocoon!!! It was indeed a matter of pride that she could perform in nearly 25 events conducted during the course period. Her never-dying spirit and energy got rewarded when she was made the College Union Secretary.

Passing out of her B.Ed course, she got appointed at the Thiruvananthapuram Holy Angels school as a teacher. By the time she joined Nalanchira Sarvodaya School after a brief stint in the Holy Angels, she was a seasoned teacher! The five years she spent there, she was everything for the students - their best friend, teacher, mentor, cultural events coordinator and what not!

Then she made the difficult decision to take a break and manage her two kids, her own

health, the family and home... Her fighting spirit prompted her to prepare for bank tests. That was when she got acquainted with our Talented Banker, Veena Vipin. In 2013, she joined the Syndicate Bank in its Angamaly branch after clearing the IBPS Examination. From there, she got transferred to the Sreekaryam branch, Main branch and Pettah branch, and presently she is posted in the Muttathara branch of Canara Bank.

Veena still remembers the Radhika she met during her bank test preparation time. She is astounded that Radhika who denied going to the Kozhikode TB Meet citing reasons that she was not good enough, literally mesmerised the entire audience with her solo and group dance performances. Even Radhika is super excited as she discussed our Kottayam meet. " I felt panicky. I knew only Veena there. My parents accompanied me to the meet. As the dance performance began, I saw cameras zooming in from all directions, like in mega shows... happy applauding faces... huge number of people coming forward to congratulate me on my performance... the group, bombarded with many of my pictures... such an overwhelming experience! I am sure, there wouldn't be a venue with such positivity reverberating from its walls."

Two years back, as she performed before Lord Guruvayoorappan during the bank's Ekadasi Vilakku, a grief struck her that her amma Vijayakumari didn't live long enough to watch her perform there as she wished. Radhika still pursues her dance under the tutelage of Kavitha teacher in her dance academy at Konchiravila, along with her kids. She is indebted to her parents who take the pain and efforts to support her in all her endeavours now, more than compensating for not spending much time when they were working.

When asked about her ambition, she didn't take a second more to answer that she wishes to dance before the Guruvayurappan more frequently. It must be the blessings of the charming divinity that she got chosen as one of the dancers whose photos adorn the brochure of a mega dance programme aiming to of 12000 dancers, aiming to be part of the Guinness record, being conducted in December at Kaloor.

Her family comprising of her ever-supporting husband Prasanth who works as a senior manager at a duty-free network based in Krishnapatanam of Andhra Pradesh, 11th grader Jiya Prasanth and 4th grader Idhika Prasanth, stay at Enjakkal, Thiruvananthapuram. At their abode, Sreevatsam, the thalas of dance never stop... the classical steps echo endlessly... the grace of movements are timeless... the live jingling of ghungroos resonate forever... and Radhika's yearning for Krishna's ethereal flute music lives on...

And her preparations for the next TB Meet.. We assure you Radhika, we are with you... Keep dancing...